"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ്- ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസി ലെ തമിഴ് യു.പി.എസ്.എ ആയ ശ്രീ സുരേഷ്.എ യ്ക്ക് ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.518/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 25/01/2022

പരാമർശം:- 1. 13.06.2018 ലെ സ.ഉ. (സാധാ) നം. 2197/2018/പൊ.വി.വ. ഉത്തരവ്

2. ശ്രീ സുരേഷ്.എ യുടെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ

3. കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/11/2018 തീയതിയിലെ ബി2/8778/2018 നമ്പർ കത്ത്

4. 3/11/21 ലെ കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി2/6895/2019 നമ്പർ കത്ത്.

ഉത്തരവ്

ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസി ലെ തമിഴ് യു.പി.എസ്.എ ആയ ശ്രീ സുരേഷ്.എയുടെ പരാമർശം 2 പ്രകാരമുള്ള ശൂന്യവേതനാവധി അപേക്ഷ പരാമർശം 3 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീ. എ. സുരേഷിന് പരാമർശം 1 ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി, 01/02/2018 മുതൽ 31/03/2019 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതന അവധി ദീർഘിപ്പിപ്പിച്ചു കൊണ്ടും 22.06.2013-ലെ 22194/J3/13/G.Edn

സർക്കുലർ പ്രകാരം അക്കാഡമിക്ക് വർഷത്തിന്റെ അവസാനം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ 2019–20 അക്കാഡമിക്ക് വർഷത്തിന്റെ ആരംഭത്തിൽ മാത്രമേ ടിയാളെ തിരികെ പ്രവേശിപ്പിക്കാനാവൂ എന്നതിനാൽ അവധിയ്ക്ക് ശേഷമുള്ള കാലയളവ് ക്രമീകരിക്കുന്നതിനായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്നും വെക്കേഷൻ കാലയളവിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അവധി സംബന്ധിച്ച വിവരങ്ങൾ ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കട്ടപ്പന.

ശ്രീ സുരേഷ്.എ, തമിഴ് യു.പി.എസ്.എ , സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ് ചീന്തലാർ

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ്,

ഡയോസസ് ഓഫ് വിജയപുരം, കോട്ടയം.

ഹെഡ്മിസ്ട്രസ്, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്, ചീന്തലാർ

.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 25-01-2022 12:07:13
Reason: Approved

സെക്ഷൻ ഓഫീസർ